(ബി) എൽ.ഐ.സി.-യിൽ നിന്നും ലഭിക്കേണ്ട ആകെ വായ്പ തുക 463.00 ലക്ഷം രൂപയാണ്. ഇതിൽ 188.28 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ബാക്കി 274.72 ലക്ഷം രൂപ ലഭിക്കാനുണ്ട്.

(സി) ഈ പദ്ധതിയുടെ പുതുക്കിയ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(ഡി) 2006 ഡിസംബറിനകം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ സൂക്ഷ്മ പരിശോധനക്കുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കൊല്ലംതോടിന്റെ ശുചീകരണം

60 [2777] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലംതോട് ശുചീകരിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാൻ തോട് ശുചീകരണത്തിന് ആവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലംതോട് ശുചീകരിക്കുന്നതിനും തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും ചീഫ് എഞ്ചിനീയർ സമർപ്പിച്ച 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി ഏറ്റെടുക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

ഭാരതപ്പുഴയിൽ ദേശമംഗലത്ത് തടയണ നിർമ്മിക്കുന്നതിന് പദ്ധതി

61 [2778] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതുതായി ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതെങ്കിലുമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കടങ്ങോട് ശുദ്ധജല പദ്ധതിയുടെ ജലസ്രോതസ്സായ ഭാരതപ്പുഴയിൽ ദേശമംഗലത്ത് തടയണ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly